(ബി) പുതിയ ആശുപത്രി കെട്ടിടം പ്രവർത്തനക്ഷമമാകുമ്പോൾ ആശുപത്രിയിലെ എല്ലാ സ്പെഷ്യാലിറ്റികൾക്കും പ്രത്യേകം പ്രത്യേകം വാർഡുകൾ, ജെറിയാട്രിക് വാർഡ്, മൂന്ന് മേജർ ഓപ്പറേഷൻ തിയേറ്ററുകൾ-മൈനർ ഓപ്പറേഷൻ തിയേറ്ററുകൾ, റേഡിയാട്രിക്സ്, മെഡിസിൻ, കോസ്മറ്റോളജി വിഭാഗങ്ങളിലെ ഐ.സി.യു. എന്നീ സൗകര്യങ്ങൾ ലഭ്യമാകും.

(സി) കൊയിലാണ്ടി താലൂക്കാശുപത്രിയിൽ 82.5 കെ.വി.എ., 20 കെ.വി.എ. എന്നീ പ്രകാരം ശേഷിയുള്ള രണ്ട് ജനറേറ്ററുകൾ, സി.ആം. ഓപ്പറേറ്റിംഗ് മൈക്രോസ്കോപ്പ്, റേഡിയന്റ് വാർമർ, എക്സ്-റേ മെഷീൻ, കമ്പ്യൂട്ടൈസ്ഡ് റേഡിയോഗ്രാഫി, സ്പെഷ്യൽ റസിസിറ്റേഷൻ യൂണിറ്റ്, ഹീമറ്റോളജി ഓട്ടോമേറ്റഡ് ബയോകെമിസ്ട്രി അനലൈസർ, എലീസ റീഡർ, ഫൈനോക്കുലർ, മൈക്രോസ്കോപ്പ്, ക്രാഷ് കാർട്ട്, കമ്പ്യൂട്ടർ, സ്കാനർ & പ്രിന്റർ, സ്റ്റീൽ ഫർണിച്ചർ, ഓക്സിജൻ സിലിണ്ടർ, റഫ്രിജറേറ്റർ, എയർ കണ്ടീഷണർ, ഹെമറ്റോളജി അനലൈസർ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) പുതിയ കെട്ടിടം പ്രവർത്തനക്ഷമമാകുന്നതോടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുമ്പോൾ പുതിയ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്താൻ കഴിയും. പുതിയ സംവിധാനങ്ങൾ സ്ഥാപിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളും ശിപാർശകളും ആരോഗ്യ വകുപ്പ് ഡയറക്ടറിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത ആശുപത്രി ജില്ലാ ആശുപത്രിയായി ഉയർത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ആരോഗ്യ പദ്ധതികൾ

8(705) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ നിന്നും തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ളതിന്റെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽനിന്നും തിരൂർ നിയോജക മണ്ഡലത്തിലെ തിരൂർ ജില്ലാ ആശുപത്രിയിൽ നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ചും ആയതിന് ചെലവാക്കിയ തുക സംബന്ധിച്ചുമുള്ള വിശദവിവരങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly